ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 09.11.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു അംഗോള പ്രസിഡന്റ് ജോവോ ലോറെൻസോയുമായി ഉഭയകക്ഷി ചർച്ച നടത്തി. വിവിധ മേഖലകളിലെ സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള ധാരണാപത്രങ്ങളിൽ ഇരുരാജ്യങ്ങളും ഒപ്പ് വച്ചു.

   **President Droupadi Murmu held bilateral talks with Angolan President Joao Lourenço. Both countries signed MoUs to enhance cooperation in various sectors.**

2. ഉത്തരാഖണ്ഡിൽ എണ്ണായിരം കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു.

   **Prime Minister Narendra Modi inaugurated development projects worth over Rs 8,000 crore in Uttarakhand.**

3. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ അവസാന ഘട്ടത്തിലേക്കുള്ള പരസ്യ പ്രചാരണം അവസാനിച്ചു. വോട്ടെടുപ്പ് മറ്റന്നാൾ.

   **Public Campaigning for the final phase of Bihar assembly elections has ended. Voting will be held the day after tomorrow.**

4. കർഷകരുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യാൻ കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ നാളെ ഒഡീഷ സന്ദർശിക്കും.

**Union Minister Shivraj Singh Chouhan will visit Odisha tomorrow to discuss various issues related to farmers.**

5. **വടക്കേ ഇന്ത്യയിൽ ശീത തരംഗത്തിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ, തെക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുന്നു. നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.**

**IMD predicts cold wave conditions in North India. Heavy rain continues in Kerala's southern districts. Yellow alert in four districts.**

6. **ടെന്നീസ് താരം നൊവാക് ജോക്കോവിച്ച്, പരിക്കിനെ തുടർന്ന് 2025 ലെ ടെന്നീസ് ATP ഫൈനൽസിൽ നിന്ന് പിന്മാറി.**

**Tennis star Novak Djokovic has withdrawn from the 2025 ATP Finals due to injury.**

**&&&&&&&&&&&&&&&&&&&&&&**

## PRESIDENT-ANGOLA- INTRO

രാഷ്ട്രപതി ദ്രൗപദി മുർമു അംഗോള പ്രസിഡന്റ് ജോവോ ലോറൻസോയുമായി ലുവാണ്ടയിൽ ഉഭയകക്ഷി ചർച്ച നടത്തി. കൂടിക്കാഴ്ചയിൽ, കൃഷി, ധാതു പര്യവേക്ഷണം, കണക്റ്റിവിറ്റി, വജ്ര സംസ്കരണം തുടങ്ങിയ മേഖലകളിലെ സഹകരണ സാധ്യതകൾ ചർച്ചയായി. ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള ധാരണാപത്രങ്ങളിൽ ഇരുരാജ്യങ്ങളും ഒപ്പ് വച്ചു. സുസ്ഥിര വികസനത്തിനായുള്ള അംഗോളയുടെ പ്രതിബദ്ധതയെ രാഷ്ട്രപതി പ്രശംസിച്ചു. ഇന്ത്യയുടെ നേതൃത്വത്തിലുള്ള ഗ്ലോബൽ ബയോഫ്യൂവൽസ് അലയൻസ്, ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസ് എന്നിവയിൽ ചേർന്നതിന് അംഗോളയെ രാഷ്ട്രപതി അഭിനന്ദിച്ചു.

(ഹോൾഡ് വോയിസ്)

ദ്വിരാഷ്ട്ര പര്യടനത്തിന്റെ ഭാഗമായി അംഗോളയിൽ എത്തിയ രാഷ്ട്രപതിക്ക് ഊഷ്മള സ്വീകരണമാണ് അംഗോള സർക്കാർ നൽകിയത്. ചൊവ്വാഴ്ച അംഗോളയുടെ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികാഘോഷത്തിൽ പങ്കെടുക്കുന്ന രാഷ്ട്രപതി പാർലമെന്റിനെയും അഭിസംബോധന ചെയ്യും. മറ്റെന്നാൾ മുതൽ ഈ മാസം 13 വരെ ശ്രീമതി മുർമു ബോട്സ്വാന സന്ദർശിക്കും.

&&&&&&&&&&&&&&&&&&

## EVE VP - KARNATAKA

വിദ്യാർത്ഥികൾക്ക് അംഗീകാരം ലഭിക്കണമെങ്കിൽ അർപ്പണബോധവും കഠിനാധ്വാനവും അത്യാവശ്യമാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ . മൈസൂരുവിലെ ജെ.എസ്.എസ്. അക്കാദമി ഓഫ് ഹയർ എഡ്യൂക്കേഷന്റെ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കലാലയത്തിൽ നിന്ന് നേടിയ അറിവ് ഉപയോഗപ്പെടുത്തി ലക്ഷ്യങ്ങൾ കൈവരിക്കണമെന്നും അദ്ദേഹം വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## PM - UTTARAKHAND- INTRO

ഉത്തരാഖണ്ഡ് സംസ്ഥാനത്തിന്റെ രജത ജൂബിലി ആഘോഷങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. ഡെറാഡൂണിലെ ഫോറസ്റ്റ് റിസേർച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന പരിപാടിയിൽ, എണ്ണായിരം കോടിയിലധികം രൂപയുടെ വികസനപദ്ധതികൾക്ക് അദ്ദേഹം ശിലാസ്ഥാപനം നിർവഹിച്ചു. വിദ്യാഭ്യാസം, ആരോഗ്യം, കായികം, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിലെ ഈ പദ്ധതികൾ, ഒട്ടേറെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്- പി എം)

കണക്റ്റിവിറ്റി വർധിപ്പിക്കുന്നത്, സംസ്ഥാന വികസനത്തിൽ നിർണ്ണായകമാണെന്നും, ഈ രംഗത്ത് രണ്ട് ലക്ഷം കോടിയിലധികം രൂപയുടെ പദ്ധതികളുടെ പ്രവർത്തനം പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഉത്തരാഖണ്ഡിലെ ഓരോ ഗ്രാമവും ഓരോ ചെറിയ വിനോദസഞ്ചാരകേന്ദ്രമായി മാറണമെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## SHIVRAJ - ODIDSHA VISIT

കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ നാളെ ഒഡീഷ സന്ദർശിക്കും. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ, പോഷകാഹാര സുരക്ഷ ഉറപ്പാക്കൽ, സംസ്ഥാനത്ത് പ്രകൃതിദത്ത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കൽ എന്നിവ സംബന്ധിച്ച വിവിധ പരിപാടികളിൽ അദ്ദേഹം സംബന്ധിക്കും. മില്ലറ്റ് ദിന പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ ചൗഹാൻ മുഖ്യാതിഥിയായി പങ്കെടുക്കും. തുടർന്ന് കട്ടക്കിലെ സദർ മേഖല സന്ദർശിക്കുന്ന അദ്ദേഹം കർഷകരുമായി ആശയവിനിമയം നടത്തും.

&&&&&&&&&&&&&&&&&&

## IAF - 93rd ANNIVERSARY

ഇന്ത്യൻ വ്യോമസേനയുടെ 93-ാ‍ം വാർഷികാഘോഷത്തോടനുബന്ധിച്ച്, കിഴക്കൻ എയർ കമാൻഡ് അസമിലെ ഗുവാഹത്തിയിൽ വ്യോമാഭ്യാസ പ്രകടനം സംഘടിപ്പിച്ചു. ബ്രഹ്മപുത്ര നദിക്ക് മുകളിൽ 25-ലധികം ഫോർമേഷനുകളിലായി റാഫേൽ, സുഖോയ്, അപ്പാച്ചെ, മിഗ്

എന്നിവ ഉൾപ്പെടെ 75-ലധികം വിമാനങ്ങളും ഹെലികോപ്റ്ററുകളും പ്രദർശനത്തിൽ അണിനിരന്നു. ഗുവാഹത്തി, തേസ്പൂർ, ജോർഹട്ട് എന്നിവയുൾപ്പെടെ ഏഴ് വ്യോമതാവളങ്ങളിൽ നിന്നുള്ള വിമാനങ്ങളാണ് പ്രദർശനത്തിൽ പങ്കെടുത്തത്.

&&&&&&&&&&&&&&&&&&

## SIR- KURUKKATHI KALLU

വോട്ടർപട്ടികയുടെ തീവ്ര പരിഷ്കരണം പൂർത്തീകരിച്ച കേരളത്തിലെ ആദ്യ പ്രാക്തന ഗോത്ര ഉന്നതിയായി പാലക്കാട് കുറുക്കത്തിക്കല്ല്. അഗളി IHRD കോളേജ് ഇലക്ടറൽ ലിറ്ററസി ക്ലബ്ബിന്റെ ആഭിമുഖ്യത്തിലാണ് പരിശോധന നടന്നത്. കുറുക്കത്തിക്കല്ലിൽ 18 വയസ്സ് പൂർത്തിയാക്കിയ മുഴുവൻ വോട്ടർമാരെയും പട്ടികയിൽ ഉൾപ്പെടുത്തി.

&&&&&&&&&&&&&&&&&&

## PMO - SCRAP REVENUE

പാഴ്വസ്തുക്കളുടെ വിൽപ്പനയിലൂടെ കഴിഞ്ഞ മാസം കേന്ദ്രസർക്കാർ എണ്ണൂറ് കോടിയിലധികം രൂപ നേടിയതായി കണക്കുകൾ. ഇത് സംബന്ധിച്ച ഒരു മാധ്യമവാർത്ത, പ്രധാനമന്ത്രിയുടെ ഓഫീസ് സമൂഹമാധ്യമത്തിൽ പങ്കുവച്ചു. ചന്ദ്രയാൻ - 3 ബഹിരാകാശ ദൗത്യത്തിന്റെ ചെലവിനേക്കാൾ അധികം വരുമാണ് പാഴ്വസ്തുക്കൾ വിറ്റതിലൂടെയുള്ള നേട്ടം.

&&&&&&&&&&&&&&&&&&

## A K SASEENDRAN

വനഭൂമിയിൽ പട്ടയം നൽകുന്നതിനുള്ള സംയുക്ത പരിശോധനയുടെ സംസ്ഥാനതല ഉദ്ഘാടനം വനം മന്ത്രി എ കെ ശശീന്ദ്രൻ തൃശൂർ പീച്ചിയിൽ നിർവഹിച്ചു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രി ഭൂപേന്ദ്ര യാദവുമായി നടത്തിയ കൂടിക്കാഴ്ചയെ തുടർന്നാണ് മൂന്നു പതിറ്റാണ്ടിനു ശേഷം കേരളത്തിലെ വനഭൂമിയിൽ പട്ടയം നൽകുന്നതിനുള്ള സംയുക്ത പരിശോധനയ്ക്ക് അനുമതി ലഭ്യമായതെന്ന് മന്ത്രി പറഞ്ഞു. ജനുവരി 15 ഓടെ സംയുക്ത പരിശോധന പൂർത്തിയാക്കി ജനുവരി 30ഓടെ അർഹരായവർക്ക് പട്ടയങ്ങൾ നൽകുമെന്നും മന്ത്രി പറഞ്ഞു.

**&&&&&&&&&&&&&&&&&&**

## BIHAR - ELECTION- INTRO

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാമത്തെയും അവസാനത്തെയും ഘട്ടത്തിലേക്കുള്ള പരസ്യ പ്രചാരണം അവസാനിച്ചു. നാളെ നിശബ്ദ പ്രചാരണമാണ്. 20 ജില്ലകളിലെ 122 നിയമസഭാ മണ്ഡലങ്ങളിൽ ചൊവ്വാഴ്ചയാണ് വോട്ടെടുപ്പ്.

**വിശദാംശങ്ങളിലേക്ക്..........**

(വോയിസ്)

## BIHAR ELECTION- VOICE

3.7 കോടിയിലധികം വോട്ടർമാരാണ് ചൊവ്വാഴ്ച സമ്മതിദാനാവകാശം വിനിയോഗിക്കുന്നത്. 136 സ്ത്രീകൾ ഉൾപ്പെടെ 1,302 സ്ഥാനാർത്ഥികളാണ് മൽസരരംഗത്തുള്ളത് പ്രചാരണത്തിന്റെ അവസാന ദിവസമായ ഇന്ന് എല്ലാ മുന്നണികളുടെയും മുതിർന്ന നേതാക്കൾ ബിഹാറിലുടനീളം സജീവമായിരുന്നു. ഈ മാസം ആറിന് നടന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ 64.66 ശതമാനം

പോളിംഗാണ് രേഖപ്പെടുത്തിയത്. സംസ്ഥാനത്ത് വോട്ടെണ്ണൽ ഈ മാസം 14 ന് നടക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&

## IMD

മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഖണ്ഡ്, ഝാർഖണ്ഡ് എന്നിവിടങ്ങളിൽ അടുത്ത മൂന്ന് ദിവസം ശീത തരംഗത്തിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വടക്കേ ഇന്ത്യയിൽ വരും ദിവസങ്ങളിൽ കുറഞ്ഞ താപനില രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താഴാൻ സാധ്യതയുണ്ട്. അതേസമയം കേരള, തമിഴ്നാട്, മാഹി എന്നിവിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൻറെ തെക്കൻജില്ലകളിൽ മഴ തുടരുന്നു. ഇന്നും നാളെയും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ,ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. പത്തനംതിട്ടയിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. മഴ തുടരുന്നതിനാൽ തിരുവനന്തപുരം ജില്ലയിലെ പേപ്പാറ, അരുവിക്കര ഡാമുകളുടെ ഷട്ടറുകൾ ഉയർത്തി. ഡാമിന്റെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## TOKHAN SAHU- URBAN CONCLAVE

2050 ഓടെ രാജ്യത്തെ നഗര ജനസംഖ്യ, 87 കോടി 60 ലക്ഷം പിന്നിടുമെന്ന് കേന്ദ്ര നഗരകാര്യ സഹമന്ത്രി തോഖൻ സാഹു. ന്യൂഡൽഹിയിൽ ദേശീയ അർബൻ കോൺക്ലേവ്നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 2030 ആകുമ്പോഴേക്കും, ജിഡിപിയിൽ നഗരപ്രദേശങ്ങളുടെ സംഭാവന 70 ശതമാനത്തിലധികം വളരുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## GST - FOOTWEAR

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ വസ്ത്രങ്ങൾ, പാദരക്ഷകൾ എന്നിവയുൾപ്പെടെയുള്ള വ്യവസായങ്ങൾക്ക് ഗുണകരമായതായി കേന്ദ്രസർക്കാർ. തുകലിന് ചുമത്തിയിരുന്ന നികുതി 5 ശതമാനമായി കുറച്ചിട്ടുണ്ട്. ഇത് വ്യവസായികൾക്കും ഉപഭോക്താ ക്കൾക്കും ഏറെ പ്രയോജനം ചെയ്യുന്നതായാണ് വിലയിരുത്തൽ.

&&&&&&&&&&&&&&&&&&

## TENNIS - DJOKOVIC

തോളിനേറ്റ പരിക്കിനെ തുടർന്ന് നൊവാക് ജോക്കോവിച്ച് 2025 ലെ ടെന്നീസ് ATP ഫൈനൽസിൽ നിന്ന് പിന്മാറി. ഇതോടെ തുടർച്ചയായ രണ്ടാം വർഷവും അദ്ദേഹത്തിന് ഫൈനൽസ് നഷ്ടമായി.

&&&&&&&&&&&&&&&&&&

## INDIAN FOOTBALL - RYAN WILLIAMS

ഓസ്ട്രേലിയയിൽ നിന്നുള്ള ഫുട്ബോൾ താരം റയാൻ വില്യംസ് ഇനി ഇന്ത്യൻ ടീമിന്റെ ഭാഗം. പെർത്തിൽ ജനിച്ച റയാൻ,

ഓസ്ട്രേലിയൻ പാസ്പോർട്ട് ഉപേക്ഷിച്ചാണ് ഇന്ത്യൻ സംഘത്തിൽ ചേർന്നത്. ബെംഗളൂരുവിലെ പരിശീലനകേന്ദ്രത്തിൽ, വില്യംസിന്റെ പൗരത്വ കൈമാറ്റ ചടങ്ങ് നടന്നു. സുപ്രസിദ്ധ ഫുട്ബോളർ സുനിൽ ഛേത്രി അദ്ദേഹത്തിന് ഇന്ത്യൻ പൗരത്വരേഖകൾ സമ്മാനിച്ചു. അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി, വിദേശ താരങ്ങൾക്കും ഇന്ത്യൻ വംശജർക്കും, തങ്ങളുടെ പൗരത്വം ഉപേക്ഷിച്ച് ഇന്ത്യൻ ടീമിന്റെ ഭാഗമാകാൻ അവസരം ഒരുക്കിയിരുന്നു.

&&&&&&&&&&&&&&&&&&

## K N BALAGOPAL

സംസ്ഥാനത്തെ അടിസ്ഥാനസൗകര്യമേഖലയിൽ വികസനപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ. കൊട്ടാരക്കരയിലെ വിവിധ പദ്ധതികളുടെ നിർമാണ പുരോഗതി വിലയിരുത്തുകയായിരുന്നു അദ്ദേഹം. ഉമ്മന്നൂർ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം, മാറാംപാറ ടൂറിസം പദ്ധതി, പഴിഞ്ഞം- ഉമ്മന്നൂർ ഗ്രാമീണ റോഡ് എന്നിവയുടെ നിർമാണ പുരോഗതിയാണ് മന്ത്രി വിലയിരുത്തിയത്.

&&&&&&&&&&&&&&&&&&

## JAPAN TSUNAMI

പസഫിക് സമുദ്രത്തിൽ ഉണ്ടായ ഭൂകമ്പത്തെത്തുടർന്ന് ജപ്പാനിലെ ഇവാട്ടെ പ്രവിശ്യയിൽ സുനാമി മുന്നറിയിപ്പ്. ഒരു മീറ്റർ വരെ ഉയരത്തിൽ സുനാമിത്തിരകൾ ഇവിടെ എത്താൻ സാധ്യതയുണ്ടെന്ന് ജപ്പാൻ കാലാവസ്ഥാ ഏജൻസി അറിയിച്ചു. 6.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തെ തുടർന്ന്

വൈദ്യുതിബന്ധത്തിനും, ബുള്ളറ്റ് ട്രെയിൻ സർവീസുകൾക്കും തടസ്സം നേരിട്ടിരുന്നു.

&&&&&&&&&&&&&&&&&&

&&&&&&&

&&&